## പ്രസിദ്ധീകരണത്തിന്

## കേരള സ്കൂൾ കലോത്സവ മാന്വൽ പരിഷ്കരണം

തിരുവനന്തപുരം: വിദ്യാഭ്യാസ വകുപ്പ് മന്ത്രി അദ്ധ്യക്ഷനായുള്ള കേരള സ്കൂൾ കലോത്സവ മാന്വൽ പരിഷ്കരണ കമ്മിറ്റി യോഗം കേരള സ്കൂൾ കലോത്സവ മാന്വൽ താഴെ പറയുന്ന ഭേദഗതികൾ ഉൾപ്പെടുത്തി പരിഷ്കരിക്കാൻ തീരുമാനിച്ചു.

- കഥകളി (സിംഗിൾ), തുളളൽ (ഓട്ടൻതുള്ളൽ, പറയങ്കൻ തുള്ളൽ, ശീതങ്കൻ തുള്ളൽ) നാടോടി നൃത്തം, മിമിക്രി എന്നീ ഇനങ്ങളിൽ ആൺ-പെൺ വിഭാഗങ്ങളിൽ പ്രത്യേകം മത്സരം നടത്തുന്നതാണ്.
- കഥകളി സംഗീതത്തിന് ചേങ്ങലയും, ശ്രുതിപ്പെട്ടിയും ഉപയോഗിക്കാവുന്നതാണ്
- ഭരതനാട്യത്തിന് വയലിൻ/വീണ, മൃദംഗം, നട്വാങ്കം, ഓടക്കുഴൽ എന്നീ വാദ്യോപകരണങ്ങളാണ് ഉപയോഗിക്കേണ്ടത്. സ്പെഷ്യൽ ഇഫക്ട്സ് പാടില്ല.
- മോഹിനിയാട്ടത്തിന് വയലിൻ/വീണ, മൃദംഗം ഓടക്കുഴൽ, ഇടയ്ക്ക എന്നീ ഉപകരണങ്ങളാണ് ഉപയോഗിക്കേണ്ടത്. സ്പെഷ്യൽ ഇഫക്ട്സ് പാടില്ല
- കുച്ചിപ്പുടിയിൽ വാചികാഭിനയത്തോടൊപ്പം നർത്തകി ഡയലോഗ് പറയാൻ പാടില്ല. ചുണ്ടനക്കുന്നതായി ഭാവിച്ച് അഭിനയിക്കുകയോ ആകാവൂ.
- കേരള നടനത്തിൽ ഇലത്താളം, കുഴിത്താളം, ഇടയ്ക്ക, മദ്ദളം, മൃദംഗം, ഓടക്കുഴൽ, വയലിൻ/വീണ എന്നീ വാദ്യോപകരണങ്ങൾ ഉപയോഗിക്കാം, കഥാസന്ദർഭത്തിന് അനുസരിച്ചു മാത്രമേ ചെണ്ട ഉപയോഗിക്കാവു.
- പരിചമുട്ടിൽ സ്റ്റീലിൽ നിർമ്മിച്ച വാൾ ഉപയോഗിക്കുന്നത് കുട്ടികൾക്ക് അപകടം ഉണ്ടാക്കുവാൻ സാധ്യത കൂടുന്നതിനാൽ പരിചമുട്ടി കളിയ്ക്കുന്നതിന് തകിടിന്റെയോ, ഇരുമ്പിന്റേയോ വാൾ ഉപയോഗിക്കാവുന്നതാണ്.
- സംഘനൃത്തത്തിൽ പങ്കെടുക്കുന്ന ടീം അംഗങ്ങൾ ആദ്യാവസാനം നൃത്തത്തിൽ പങ്കാളികളായിരിക്കണം. സംഘനൃത്തത്തിന് ആഡംബരം ഒഴിവാക്കണം.
- നിയമപരമായ അപ്പീൽ വഴി സംസ്ഥാന തല മത്സരങ്ങളിൽ പങ്കെടുക്കുന്ന മത്സരാർത്ഥികൾ അതേ ജില്ലയിലെ അതേ ഇനത്തിൽ പങ്കെടുത്ത ജില്ലയിൽ നിന്നും ഔദ്യോഗികമായി തെരഞ്ഞെടുക്കപ്പെട്ട മത്സരാർത്ഥിയേക്കാളും സ്കോർ മെച്ചപ്പെടുത്തുകയാണെങ്കിൽ ഗ്രേഡ് ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടായിരിക്കുമെങ്കിലും ജില്ലയിൽ നിന്നും ഔദ്യോഗികമായി തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥിയുടെ സ്കോർ ആയിരിക്കും വിദ്യാലയത്തിന്റെയും ജില്ലയുടെയും 'സ്കോർ' (പോയിന്റ്) ആയി കണക്കാക്കുക.

പൊതുവിദ്യാഭ്യാസ ഡയറക്ടർ